# Malayala Manorama

## 19 August 2018

## Chalakudy, Paravoor, Mala, Aluva, Flood Affected Areas

### ഏറ്റവും രൂക്ഷമായ പ്രളയദുരിതം ചാലക്കുടി, പറവൂർ, മാള, ആലുവ മേഖലകളിൽ

**മനോരമ ലേഖകർ**

ജില്ലാഅതിർത്തികളെ മായ്ച്ചു കളയുന്ന നിലയിലാണു പ്രളയം തൃശൂർ, എറണാകുളം ജില്ലകളെ ബാധിച്ചത്. അതിർത്തി പ്രദേശങ്ങളായ ചാലക്കുടി, മാള, പറവൂർ, ആലുവ, കാലടി മേഖലകളെയാണ് ഏറ്റവും ഭീതിജനകമായ രീതിയിൽ പ്രളയം തകർത്തെറിഞ്ഞത്. ഒരു ദിനം മഴ മാറിനിന്നെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലും വെള്ളം ഇനിയും ഇറങ്ങിയിട്ടില്ല.

പറവൂരിൽ സ്ഥിതി അതീവഗുരുതരമാണ്. പതിനായിരങ്ങളാണു ദുരിതാശ്വാസ ക്യാംപുകളിലുള്ളത്. ക്യാംപുകളിൽരോഗങ്ങൾപൊട്ടിപ്പുറപ്പെടുമോ എന്ന ഭീതിയുമുണ്ട്.

തൃശൂർ ജില്ലയിൽ ചാലക്കുടിയിലും മാളയിലുമാണു ഗുരുതരസ്ഥിതി. കാടുകുറ്റി, മേലൂർ, പരിയാരം, കോട്ടാറ്റ് എന്നിവിടങ്ങളിലായിരുന്നു ചാലക്കുടി മേഖലയിൽ ദുരിതമേറെ. രണ്ടുനില കെട്ടിടങ്ങൾ വരെ മുക്കിയ ജലനിരപ്പ് ഇന്നലെ താഴ്ന്നെങ്കിലും സാധാരണനിലയിലേക്ക് എത്തിയിട്ടില്ല.

ചാലക്കുടിയിൽ വ്യാപാരസ്ഥാപനങ്ങളെല്ലാം അടഞ്ഞുകിടക്കുന്നു. വ്യാപാരികൾക്ക് ലക്ഷക്കണക്കിനു രൂപയുടെ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്.